# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

**മെയ് 03**

**MAY 03**

**2019**

*1194 മേടം 19 , വെള്ളി*

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## നോമ്പുതുറ, ഇഫ്താർ സംഗമങ്ങൾ ഹരിതചട്ടം പാലിച്ച് നടത്തണം :കളക്ടർ

റംസാൻ വ്രതാനുഷ്ഠാനത്തിന്റെ ഭാഗമായുള്ള നോമ്പുതുറ, ഇഫ്താർ സംഗമങ്ങൾ ഹരിതചട്ടം പാലിച്ച് നടത്തണമെന്ന് ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു അഭ്യർത്ഥിച്ചു. നോമ്പുതുറ, ഇഫ്താർ സംഗമങ്ങൾ സംഘടിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി, ഭക്ഷണ പാനീയങ്ങൾ വിതരണം ചെയ്യുന്നതിന് സ്റ്റീൽ-മണ്ണ്-സെറാമിക്സ്-ഗ്ലാസ് പാത്രങ്ങൾ ഉപയോഗിക്കണം. ഭക്ഷണ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് അതാതിടങ്ങളിൽ തന്നെ വളക്കുഴി നിർമ്മിച്ച്, അതിൽ നിക്ഷേപിച്ച് വളമാക്കി മാറ്റണം. ആഘോഷങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പരിപാടികളിൽ ഫ്ളക്സ് ഒഴിവാക്കി പ്രകൃതി സൗഹൃദ ബാനറുകൾ ഉപയോഗിക്കണമെന്നും കളക്ടർ അഭ്യർത്ഥിച്ചു. ഹരിതചട്ടം പാലിക്കുന്നതിന് ആവശ്യമായ കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ശുചിത്വ മിഷനുമായി ബന്ധപ്പെടുക .ഫോൺ നമ്പർ - 04994 - 255350, 8547931565

# അംഗപരിമിത നിർണയ മെഡിക്കൽ ക്യാമ്പ് ജൂണിൽ

അംഗപരിമിതർക്കു വേണ്ടി ജില്ലാ ഭരണകൂടം നടപ്പിലാക്കുന്ന വീ ഡിസെർവ് പദ്ധതിയുടെ ഭാഗമായി അംഗപരിമിത നിർണയ മെഡിക്കൽ ക്യാമ്പുകൾ ജൂണിൽ നടത്തും. ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബുവിന്റെ അധ്യക്ഷതയിൽ ചേമ്പറിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. 2016 ലെ അംഗപരിമിത അവകാശ നിയമമനുസരിച്ച് 21 തരം വൈകല്യമുള്ളവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകും. നേരത്തേ ഏഴു തരം അംഗപരിമിതികൾ മാത്രം പരിഗണിച്ചാണ് സർട്ടിഫിക്കറ്റ് നൽകിയിരുന്നത്. അതിനാൽ എല്ലാ അംഗപരിമിതരും ക്യാമ്പിൽ പങ്കെടുക്കണമെന്ന് കളക്ടർ പറഞ്ഞു. ക്യാമ്പിൽ രോഗ നിർണയം നടത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇനി അംഗപരിമിതർക്ക് സർക്കാർ ആനുകൂല്യങ്ങളും സഹായങ്ങളും സേവനങ്ങളും വിവിധ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധത ഫണ്ടിൽ നിന്നുള്ള സഹായങ്ങളും ലഭിക്കുകയുള്ളു.ഇത് കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്. ജൂണിൽ ജില്ലയിൽ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ പങ്കെടുക്കാൻ നേരത്തേ രജിസ്റ്റർ ചെയ്തവർക്കും പുതിയ അപേക്ഷകർക്കും അവസരം നൽകും.

വീ ഡിസെർവ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവരിൽ നിന്നാണ് അപേക്ഷ സ്വീകരിച്ചത്. അവർക്കു വേണ്ടി അംഗപരിമിത നിർണയ ക്യാമ്പുകൾ സംഘടിപ്പിച്ചു. ജനുവരി 22 മുതൽ ഫെബ്രുവരി 20 വരെയാണ് ക്യാമ്പുകൾ നടത്തിയത്.13 ക്യാമ്പുകളിലായി 3010 അപേക്ഷകരിൽ നിന്ന് 1535 പേരുടെ സ്ക്രീനിങ് നടത്തി. ഓൺലൈനായി www.wedeserve.in എന്ന വെബ്സൈറ്റിലൂടെയാണ് അപേക്ഷകൾ പരിഗണിച്ചത്. ഇതിൽ ശാരീരിക സാമൂഹിക സാമ്പത്തിക അവസ്ഥകൾ പരിഗണിച്ച് തെരഞ്ഞെടുത്ത 48 പേർക്ക് വീൽ ചെയറുകളും അംഗ പരിമിത സഹായക, ചലനോപകരണങ്ങളും വിതരണം ചെയ്യും. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ സമയപരിധി അവസാനിച്ചാലുടൻ ഇത് നൽകും. ആർ ഇ സി ടി പി സി എൽ എന്ന പൊതുമേഖലാ സ്ഥാപനം സി എസ് ആർ ഫണ്ടിൽ നിന്നാണ് അംഗ പരിമിതർക്ക് വിവിധ സഹായ ഉപകരണങ്ങൾ നൽകിയത്.സ്ഥാപനത്തിന്റെ സീനിയർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ പി ഷക്കീൽ അഹമ്മദ് ജില്ലാകളക്ടറുടെ താൽപര്യപ്രകാരമാണ് സഹായക ഉപകരണങ്ങൾ അനുവദിച്ചത്

യോഗത്തിൽ ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു, ഡെപ്യൂട്ടി ഡിഎംഒ ഡോ. കെ കെ ഷാന്റി, അഭിലാഷ് സത്യൻ (സ്റ്റാർട്ട് ആപ് മിഷൻ), അക്ഷയ ജില്ലാ പ്രോഗ്രാം മാനേജർ കെ ടി ശാരിക,കേരള സോഷ്യൽ സെക്യുരിറ്റി മിഷൻ ജില്ലാ കോഡിനേറ്റർ ജിഷോ ജെയിംസ്, കോഡിനേറ്റർമാരായ സി എം രാജേഷ്, മുഹമ്മദ് അഷറഫ്, റവന്യൂ ജൂനിയർ സൂപ്രണ്ട് ആന്റോ തുടങ്ങിയവർ പങ്കെടുത്തു.

## മഴക്കാല പൂർവ്വ ശുചീകരണ യോഗം ഇന്ന്

മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധം എന്നിവ കാര്യക്ഷമമായി ജില്ലയിൽ നടപ്പാക്കുന്നതിനുള്ള കൂടിയാലോചനാ യോഗം റവന്യൂ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരന്റെ അധ്യക്ഷതയിൽ ഇന്ന് (04) രാവിലെ പത്തിന് കള ക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.യോഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ അധ്യക്ഷൻമാരും ജനപ്രതിനിധികളും വിവിധ വകുപ്പ് തല ഉദ്യോഗസ്ഥരും പങ്കെടുക്കും.

## വൈദ്യുത സുരക്ഷാവാരാചരണം നടത്തി

സംസ്ഥാനത്ത് മെയ് ഏഴുവരെ വൈദ്യുത സുരക്ഷാവാരചരണം ആചരിക്കുന്നതിന്റെ ഭാഗമായി കാസർകോട് ഇല്കട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടി ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു ഉദ്ഘാടനം ചെയ്തു. ഇലക്ട്രിക്കൽ ഇൻസ് പെക്ടർ ഒ കെ ആര്യ അധ്യക്ഷയായി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പി ജയകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.

സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, എനർജി മാനേജ്മെന്റ് സെന്റർ, അനെർട്ട്, കേരള ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നാഗരാജ് ഭട്ട്, ചീഫ് സുരക്ഷാ ഓഫീസർ കെ അയൂബ്, അനെർട്ട് ജില്ലാ എഞ്ചിനീയർ പി എം റിയാസ്, ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കെ ബി പ്രവീൺ കുമാർ തുടങ്ങിയവർ പങ്കെടുത്തു. അസിസ്റ്റന്റ് ഇല്കട്രിക്കൽ ഇൻസ്പെക്ടർ കെ എം ഷാഹുൽ ഹമീദ് സ്വാഗതവും ടി കെ ആനന്ദ് നന്ദിയും പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്:** (ഇലക്ട്രിസിറ്റി)

വൈദ്യുത സുരക്ഷാവാരം ആചരിക്കുന്നതിന്റെ ഭാഗമായി കാസർകോട് ഇല്കട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് മിനികോൺഫറൻസ്

ഹാളിൽ സംഘടിപ്പിച്ച പരിപാടി ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

## സാഹിത്യ പാഠശാലയിലേക്ക് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, മേലാങ്കോട്ട് എ .സി.കണ്ണൻ നായർ സ്മാരക ഗവർമെന്റ് യു.പി.സ്കൂളിന്റെയും ലൈബ്രറി കൗൺസിലിന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന മധുര മാമ്പഴം സാഹിത്യ പാഠശാലയിലേക്കുള്ള പ്രതിനിധികളെ തെരെഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മെയ് 18, 19 തീയതികളിൽ അതിയാമ്പൂർ ബാലബോധിനി ഗ്രന്ഥാലയത്തിലാണ് ക്യാമ്പ്

യു പി , ഹൈസ്കൂൾ തലങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾ മാമ്പഴം പ്രമേയമായി എഴുതിയ പ്രസിദ്ധീകരിക്കാത്ത കവിതയുടെയും കഥയുടെയും കയ്യെഴുത്ത് പ്രതികളും ബയോഡാറ്റയും ഫോട്ടോയും അംഗീകൃത ലൈബ്രറിയുടെ സാക്ഷ്യപത്രത്തോടൊപ്പം മെയ് 12 നകം ഡോ.കൊടക്കാട് നാരായണൻ, പ്രധാനാധ്യാപകൻ ,മേലാങ്കോട്ട് എ.സി.കണ്ണൻ നായർ സ്മാരക ഗവർമെന്റ് യു.പി.സ ്കൂൾ ,പി.ഒ.കാഞ്ഞങ്ങാട്,പിൻ671315 എന്ന വിലാസത്തിൽ തപാൽ ചെയ്യണം.kodakkadnarayanan@gmail.com ൽ മെയിൽ അയക്കുകയും ചെയ്യാം. ഫോൺ: 9447394587

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് നിയമനം

ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പരവനടുക്കത്ത് പ്രവർത്തിക്കുന്ന ഗവർമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. കേരള നഴ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ നൽകിയതോ, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീക രിച്ച സ്ഥാപനം നൽകിയതോ ആയ എൻ.എൻ.എം.സർട്ടിഫിക്കറ്റ് യോഗ്യത അല്ലെ ങ്കിൽ കേരളാ നഴ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ നൽകിയ ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് യോഗ്യത. കേരളാ നഴ്സ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ എന്നിവയുള്ളവർക്ക് അപേക്ഷിക്കാം. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ മുൻപരിചയമുള്ളവർക്ക് മുൻഗണന. താൽപ ര്യമുള്ളവർ കോഴിക്കോട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ കാര്യാലയത്തിൽ മെയ് ഒൻപതിന് രാവിലെ 11 ന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൂടിക്കാഴ്ചക്ക് ഹാജരാകണം.പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകും.നിശ്ചിത യോഗ്യതയുള്ളവരുടെ അഭാവത്തിൽ ബി.എസ്.സി. നഴ്സിംഗ് കഴിഞ്ഞവരെയും പരി ഗണിക്കും.നിയമനം ലഭിക്കുന്നവർ ബന്ധപ്പെട്ട സ്ഥാപനത്തിൽ താമസിച്ച് ജോലി

ചെയ്യണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 13,000 രൂപ ഓണറേറിയം നൽകും. പ്രായപരിധി 18 നും, 40 നും മധ്യേ. കൂടുതൽ വിവരങ്ങൾക്ക് 04994-255466

## ഇലക്ട്രോണിക്സ് വർക്ക് ഷോപ്പ് സംഘടിപ്പിക്കും

തൃക്കരിപ്പൂർ ഇ.കെ. നായനാർ മെമ്മോറിയൽ ഗവർമെന്റ് പോളിടെക്നിക്കിലെ ഇലക്ട്രോണിക്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ഇലക്ട്രോണിക്സ് വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. വർക്ക്ഷോപ്പ് മെയ് 16,17,18 തീയതികളിൽ പോളിടെക്നിക്കിൽ നടത്തും. 300 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. എസ്.എസ്.എൽ.സി, പ്ലസ്ടു,ടി.എച്ച്.എസ്.എൽ.സി, വി.എച്ച്.എസ്.ഇ, കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ആദ്യം അപേക്ഷിക്കുന്ന 25 പേർക്കാണ് അവസരം.കൂടുതൽ വിവരങ്ങൾക്ക് - 9495262856.

## കൗൺസിലർ നിയമനം

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന കെ.എസ്.എ.സി.എസ് ന്റെ എസ്.ടി.ഐ ക്ലിനിക്കിൽ ഒരു എസ്.ടി.ഐ കൗൺസിലറെ നിയമിക്കും. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ആണ് നിയമനം. യോഗ്യത -എം.എസ്. ഡബ്ല്യൂ മെഡിക്കൽ സൈക്യാട്രി. മുൻപരിചയമുള്ളവർക്ക് മുൻഗണന. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ മെയ് ഒൻപതിന് രാവിലെ 10.30 ന് അഭിമുഖത്തിന് അസ്സൽ സർട്ടിഫിക്കറ്റുമായി ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ- 0467 2217018.

## പിഴ വിധിച്ചു

തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രേഖകൾ സ്ഥാപനങ്ങളിൽ സൂക്ഷിക്കാതിരുന്നതിനാലും തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള അവധി ഉൾപ്പെടയെുള്ള ആനുകുല്യങ്ങൾ നൽകാതിരുന്നതിനാലും കാസറർകോട് റിയൽ ഇ സ്റ്റോർ, നായർമാർമൂല മസി കഫെ, കാസർകോട് മൊബൈൽ വേൾഡ്, കാസർകോട് സ്കൈ ഫോൺ, കാസർകോട് മൈ ഫോൺ എന്നീ സ്ഥാപനങ്ങളുടെ ഉടമകൾക്കെതിരെ യഥാക്രമം 40,000, 39,000, 22,000,33,000,10,000 എന്നിങ്ങനെ കാസർകോട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പിഴ വിധിച്ചു. ഫസ്റ്റ് ക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേറ്റ് കോടതി II , നീർച്ചാൽ കന്യപ്പാടി ബദരിയ ട്രേഡിംഗ് കമ്പനി ഉടമയ്ക്കെതിരെ 12000 യും പിഴ വിധിച്ചു. കാസർകോട് അസിസ്റ്റന്റ് ലേബർ ഓഫീസർ ഫയൽ ചെയ്ത കേസുകളായിരുന്നു വിധി

## ആശ്രിത തിരിച്ചറിയൽ കാർഡ് വിതരണം

ജില്ലയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടന്മാരുടെ ആശ്രിതർക്കും വിമുക്തഭട വിധവകളുടെ ആശ്രിതർക്കും മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആശ്രിത തിരിച്ചറിയൽ കാർഡ് മാസത്തിൽ എല്ലാ ശനിയാഴ്ചയും (അവധി ഒഴികെ) ഉച്ചവരെ നൽകും. കാർഡ് ഒന്നിന് 100 രൂപ ആണ്. അപേക്ഷ ഫോറം ഓഫീസിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടുക.

## സൗജന്യ തയ്യൽ പരിശീലനം

തളിപ്പറമ്പ് നാടുകാണിയിലുള്ള അപ്പാരൽ ട്രെയിനിങ് ആന്റ് ഡിസൈൻ സെന്റർ 270 മണിക്കൂർ ദൈർഘ്യമുള്ള സൗജന്യ  തയ്യൽ പരിശീലനം ആരംഭിക്കുന്നു. താമസവും ഭക്ഷണവും സൗജന്യമായിരിക്കും.താൽപര്യമുള്ള 18 വയസ്സ് പൂർത്തിയായ യുവതികൾ മെയ് എട്ടിനകം നേരിട്ടോ ഫോണിലൂടെയോ ബന്ധപ്പെടുക.സീനിയർ സിറ്റിസൺസിനും ഈ കോഴ്സിൽ പങ്കെടുക്കാം.കൂടുതൽ വിവരങ്ങൾക്ക്-0460 2226110,9746394616,9744917200.

## ലേലം

കാസർകോട് സ്പോർട്സ് അക്കാദമിയിൽ പുനർ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി നീക്കം ചെയ്ത ഇരുമ്പ് ഉരുപ്പടികളും വിറകും വിൽക്കുന്നതിന് മെയ് 20 ന് ഉച്ചയ്ക്ക് 12 വരെ ക്വട്ടേഷൻ സ്വീകരിക്കും.  അന്നേദിവസം ഉച്ചയ്ക്ക് രണ്ടിന് ലേലവും നടത്തും. കൂടുതൽ വിവരങ്ങൾക്ക്- 04994 255521.

**(അവസാനിച്ചു)**